പ്രവാസി കേരളീയരുടെ നിക്ഷേപം

114 (1550) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 മുതൽ വിദേശങ്ങളിൽ ജോലി ചെയ്യുന്ന കേരളീയരായ പ്രവാസികൾ ഓരോ വർഷവും നാട്ടിലെത്തിക്കുന്ന നിക്ഷേപം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(സി) ഈ നിക്ഷേപം ഏതെങ്കിലും വികസന പദ്ധതികൾക്ക് വിനിയോഗിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇത്തരം നിക്ഷേപങ്ങൾ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) പ്രവാസികൾ നാട്ടിലെത്തിക്കുന്ന ബാങ്ക് നിക്ഷേപത്തിന്റെ കണക്ക് ലഭ്യമാണ്. സംസ്ഥാനത്ത് 2011 മുതൽ പ്രവാസികൾ നാട്ടിലെത്തിച്ച നിക്ഷേപം ചുവടെ ചേർക്കുന്നു :

വർഷം	തുക (കോടിയിൽ)
2011	37690
2012	48454
2013	66190
2014	93883 (അവലംബം SLRM)

(സി) ഈ നിക്ഷേപം എന്തൊക്കെ ആവശ്യത്തിന് വിനിയോഗിച്ചുയെന്ന വിവരം സർക്കാരിന് ലഭ്യമല്ല. എന്നാൽ സംസ്ഥാനത്തെ ബാങ്കുകൾ 2011 മുതൽ നൽകിയ വായ്പകളുടെ വിവരം ചുവടെ കൊടുക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

വർഷം	തുക (കോടിയിൽ)
2011	121982
2012	149293
2013	175087
2014	192010 (അവലംബം SLRM)

(ഡി) സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് വിദേശ മലയാളികളെ ആകർഷിക്കുന്നതിനായി ഒരു പുതിയ പദ്ധതി Engaging Diaspora for Investment in the State എന്ന പേരിൽ രൂപം നൽകിയിട്ടുണ്ട്. കൂടാതെ ഇത്തരത്തിൽ നിക്ഷേപ താത്പര്യമുള്ള പ്രവാസി മലയാളികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിക്ഷേപ സാദ്ധ്യതകൾ പ്രോത്സാഹിപ്പിക്കുന്നതിനും ഒരു കൈത്താങ്ങായി അവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനുമായി നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ എന്ന ഒരു പദ്ധതി സംസ്ഥാന സർക്കാർ നോർക്ക വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ നോർക്ക റൂട്ട്സ്വഴി നടപ്പിലാക്കിയിട്ടുണ്ട്.

പ്രവാസി മലയാളികളുടെ പുനരധിവാസം

115 (1551) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ വിദേശത്തുനിന്ന് തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ മടങ്ങിയെത്തിയവർ എത്രപേരാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദവിവരം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പ്രവാസികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഇത്തരം പദ്ധതികൾക്കായി എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ഡി) ഈ അപേക്ഷകളിൽ എത്ര പേർക്ക് ആനുകൂല്യങ്ങൾ നൽകിയെന്നും, ബാക്കിയുള്ളവ അനുവദിക്കുന്നതിന് എന്തെല്ലാം തടസ്സങ്ങളുണ്ടെന്നും വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly